# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3131.

**13-03-2017 ൽ മറുപടിയ്ക്ക്**

## നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടി

| **ചോദ്യം**<br>ശ്രീ.തോമസ് ചാണ്ടി | **മറുപടി**<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) നെല്ലിന്റെ താങ്ങുവില ചിലവിനനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ: | (എ) കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയും, കൃഷി വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനമായ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് വഴിയും കർഷകരിൽ നിന്നും നെല്ല് സംഭരണം നടപ്പിലാക്കി വരുന്നു. കേരളത്തിലെ നെൽകൃഷിയുടെ ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ, കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ താങ്ങുവിലയോടൊപ്പം "സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്" കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉയർന്ന സംഭരണ വിലയ്ക്കാണ് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. 2015-16-ൽ കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 14.10 രൂപയായിരുന്നത് ഉയർത്തി 2016 ഒക്ടോബർ മാസം മുതൽ കിലോയ്ക്ക് 14.70 രൂപയായി വർദ്ധിപ്പിച്ചിരുന്നു. സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് കൂടി ഉൾപ്പെടുത്തി ഈ സർക്കാർ നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 22.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കുട്ടനാടിലെ നെല്ല് സംഭരിക്കുന്ന മുറയ്ക്ക് കർഷകരുടെ പണം നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില സപ്ലൈകോയിൽ നിന്നും നേരിട്ടാണ് കർഷകർക്ക് നൽകിവരുന്നത്. നെല്ലിന്റെ താങ്ങുവിലയായ Rs.22.50/Kg-യിൽ, അടിസ്ഥാന താങ്ങുവില (MSP) Rs.14.70/Kg യും സംസ്ഥാന ഇൻസെന്റീവ് ബോണസ് (SIB) Rs.7.80/Kg ആകുന്നു.<br><br>സംഭരിക്കുന്ന നെല്ലിന് പണം നൽകുന്നതിന് ആവശ്യമായ തുക കേന്ദ്രസർക്കാരിൽ നിന്നും / സംസ്ഥാന സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന മുറയ്ക്ക് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. എന്നാൽ നെല്ലിന്റെ വില ഉടനടി കർഷകർക്ക് ലഭ്യമാക്കുവാൻ സഹകരണ വകുപ്പും ബാങ്കുകളും, സിവിൽസപ്ലൈസ് വകുപ്പും, കൃഷി വകുപ്പും ചേർന്ന് സംവിധാനമുണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |
| (സി) | കൊയ്ത നെല്ല് പുഞ്ചപ്പാടങ്ങളിൽ നിന്നും കായൽ നിലങ്ങളിൽ നിന്നും സുഗമമായി കൊണ്ടുവരുന്നതിന് ആവശ്യാനുസൃതം ട്രാക്ടർ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (സി) | പാടശേഖരങ്ങളിലെ ആവശ്യകതയനുസൃതമായി ജില്ലാതലത്തിൽ നിന്നും ട്രാക്ടർ റോഡ്, പാലങ്ങൾ തുടങ്ങിയവയുള്ള പദ്ധതി നിർദ്ദേശങ്ങൾ ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ